പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8092 17.07.2014-ലെ മറുപടിക്ക്

## പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാപോറ്റി | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ പല കേസ്സുകളുടെയും അന്വേഷണം താമസപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) പ്രസ്തുത റിപ്പോർട്ടുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; | ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാത്രമാണ് ഇത്തരത്തിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് താമസം നേരിടുന്നത്. പോസ്റ്റ്മോർട്ടം കഴിഞ്ഞ ശേഷം റിപ്പോർട്ട് ടൈപ്പ് ചെയ്തെടുക്കാനുള്ള കാലതാമസം മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) ദുരൂഹസാഹചര്യത്തിൽ മരണപ്പെടുന്നവരുടെ ആന്തരിക അവയവങ്ങളുടെ രാസ പരിശോധനാ ഫലം താമസംകൂടാതെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; | സി)രാസപരിശോധനയുടെ വേഗതയും കൃത്യതയും വർദ്ധിപ്പിക്കുന്നതിന് ആധുനിക ശാസ്ത്രോപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും ആവശ്യമായ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അന്വേഷണ ഉദ്യോഗസ്ഥരുടെ മുൻഗണന കത്ത് ലഭിക്കുന്ന കേസുകൾ ഉടനെ പരിശോധിച്ച് റിപ്പോർട്ട് നൽകി വരുന്നു. |
| ഡി) കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ എഫ്. ഐ.ആർ. നമ്പർ 2220/13 കേസ്സിന്റെ രാസ പരിശോധനാഫലം അടിയന്തിരമായി ലഭ്യമാക്കുമോ? | ഡി) 2014 ഏപ്രിൽ 3-ാം തീയതി ലഭിച്ച കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 2220/13 എന്ന കേസിന്റെ സാമ്പിൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ